**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2848 18.06.2019 -ൽ മറുപടിക്ക്**

**ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ കാലതാമസം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.പി.ടി.എ.റഹീം :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | യൂട്ടിലിറ്റി മാറ്റുന്നതിന് കാലതാമസം വരുന്നത് മൂലം ടെന്റർ ചെയ്ത് സൈറ്റ് കൈമാറിയ റോഡുകളിൽ പോലും പ്രവൃത്തി നടത്താൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | യൂട്ടിലിറ്റി മാറ്റുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് പൊതുമരാമത്ത് വകുപ്പ് ഒടുക്കേണ്ട പണം ഒടുക്കുന്നതിന് കരാറുകാരന് തന്നെ ഉത്തരവാദിത്തം കൊടുക്കുകയും ആയത് ബില്ലിൽ വകവെച്ചു കൊടുക്കുകയും ചെയ്യാൻ സാധിക്കുമോ; | (ബി) | യൂട്ടിലിറ്റി മാറ്റുന്നതിന് നിലവിൽ എസ്റ്റിമേറ്റിൽ തന്നെ തുക വകകൊള്ളിക്കുകയും ഈ തുക ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. അല്ലെങ്കിൽ കരാറുകാ രനെക്കൊണ്ട് അടപ്പിച്ചിട്ട്, ബില്ലിൽ വകയിരുത്തി കൊടുക്കുകയും ചെയ്യാറുണ്ട്. എന്നാൽ യൂട്ടിലിറ്റി മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ പൊതുവെ ജാഗ്രത പാലിക്കുന്നില്ല. |
| (സി) | റോഡ് വീതി കൂട്ടുന്നതിന് സൗജന്യമായി സ്ഥലം നൽകുന്നവരുടെ പൊളിക്കേണ്ടിവരുന്ന ഭിത്തികൾ പുനർനിർമ്മിക്കുന്നത് കൂടി കരാറിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | ഇത്തരം സാഹചര്യം മുൻകൂട്ടി അറിയാൻ കഴിയുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച് കരാറിന്റെ ഭാഗമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**